121 (534) കോൾതുരുത്തിപ്പാലത്തിന്റെ നിർമ്മാണം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കോൾതുരുത്തിപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തിക വർഷംതന്നെ പാലത്തിന്റെയും അനുബന്ധ റോഡിന്റെയും പ്രവൃത്തി പൂർത്തീകരിച്ച് വാഹന ഗതാഗതത്തിന് തുറന്ന് കൊടുക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) കോൾതുരുത്തിപ്പാലത്തിന് 21.6.99-ലെ ജി.ഒ.(ആർ.റ്റി.നം. 592/99/പൊ.മ.വ. എന്ന ഉത്തരവു പ്രകാരം 30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. പ്രവൃത്തി പുരോഗതിയിലാണ്. 2000 മാർച്ച് മാസത്തോടെ ഈ പാലത്തിന്റെ പണി പൂർത്തിയാകും.

(ബി) ഈ സാമ്പത്തിക വർഷം മാർച്ച് മാസത്തോടെ ഈ പാലം തുറന്നുകൊടുക്കാൻ സാധിക്കും.

122 (535) കോഴിക്കോട് നഗരത്തിലെ പാളയത്തെ സബ്‌വേ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പാളയത്തെ സബ്‌വേ മഴക്കാലത്ത് വെള്ളം കയറി ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വെള്ളം കയറുന്നത് തടയുന്നിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

123 (537) കോട്ടയം ഗവൺമെന്റ് കോളേജ് 'സി' ബ്ലോക്കിന്റെ പണി

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഗവൺമെന്റ് കോളേജ് 'സി' ബ്ലോക്കിന്റെ പണി മുടങ്ങിക്കിടക്കുകയാണോ;

(ബി) ഈ പണിയുടെ കരാറുകാരൻ ആരാണ്;

(സി) കരാറുകാരന് പാർട്ട്ബിൽ കൊടുക്കാത്തതുകൊണ്ടാണോ പണി മുടങ്ങിയിരിക്കുന്നത്;

(ഡി) ഈ പണിക്കുവേണ്ടി എന്തു തുക ബഡ്ജറ്റിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly